**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഗുണമേന്മയുള്ള മത്സ്യത്തിന്റെ ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; | (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചു കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് മത്സ്യലേലവും, വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം പരിപാലിക്കുന്നതിനുമായി 2020-ൽ വിളംബരം ചെയ്ത മത്സ്യലേല വിപണന ഗുണനിലവാര പരിപാലന ഓർഡിനൻസ് 2021 ൽ പുനർവിളംബരം ചെയ്യുകയും, ആയതിന്റെ കരട് ചട്ടങ്ങൾ രൂപീകരണ ഘട്ടത്തിലുമാണ്. കൂടാതെ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിന് മത്സ്യഫെഡ്, സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖാന്തിരം വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാ ക്കുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 47 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലത്തിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്ക മിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജകമണ്ഡലങ്ങളിലായി ആകെ 53 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തി ക്കുന്നു. മത്സ്യഫെഡിന്റെ' തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക്' എന്ന പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് നേരിട്ട് ഗുണമേന്മയോടെ എത്തിക്കുന്നതിന് 'അന്തിപച്ച' എന്ന നാമധേയത്തിൽ തിരുവനന്തപുരത്ത് 3-ഉം, കൊല്ലം ശക്തി കുളങ്ങര കോമൺ പ്രീപ്രോസസ്സിംഗ് സെൻറർ കേന്ദ്രീകരിച്ച് 5-ഉം എറണാകുളം, കോട്ടയം എന്നിവിടങ്ങളിൽ ഓരോന്ന് വീതവും ഇപ്രകാരം ആകെ 10 മൊബൈൽ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു. ഗുണമേൻമയുള്ളതും വൃത്തിയുള്ളതും വിഷ രഹിതവുമായ മത്സ്യം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ഹൈജീനിക് റെഫ്രിജ റേറ്റഡ് മൊബൈൽ ഫിഷ് വെൻറിങ് കിയോസ്ക്ക് എന്ന പദ്ധതി സാഫ് മുഖേന നടപ്പാക്കി വരുന്നു. സി.ഐ.എഫ്.ടി.യുമായി ചേർന്ന് നിർമ്മിച്ച ഹൈജീനിക് റെഫ്രിജ റേറ്റഡ് മൊബൈൽ ഫിഷ് വെൻറിങ് കിയോസ്ക്കുകൾ കൊണ്ട് വൃത്തിയുള്ളതും ഗുണമേന്മ ഉള്ളതുമായ മത്സ്യം ജനങ്ങളി ലേക്ക് എത്തിക്കുവാൻ സാധിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരമുള്ള 20 കിയോസ്കുകളിൽ 16 കിയോസ്കുകൾ നിലവിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി നൽകി കഴിഞ്ഞു. കൂടാതെ കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSRഫണ്ട് ഉപയോഗിച്ച് CIFT മുഖേന ഈ സാമ്പത്തിക വർഷത്തിൽ 2 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻറിങ് കിയോസ്കുകൾ കൂടി വിതരണം ചെയ്യുന്നു. സംസ്ഥാനത്ത് ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യമാർക്കറ്റുകൾ നിർമ്മിച്ചുവരുന്നു. ഇതിനോടകം തന്നെ കേന്ദ്ര / സംസ്ഥാന സർക്കാർ ധനസഹായത്തോടെ 39 ആധുനിക മത്സ്യമാർക്കറ്റുകൾ സംസ്ഥാനത്ത് സ്ഥാപിച്ചു കഴിഞ്ഞു. കിഫ്ബി ധനസഹായ ത്തോടെ സംസ്ഥാനത്ത് 63.51 കോടി രൂപയുടെ 25 മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കു ന്നതിനായി അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതോടൊപ്പം 26 മത്സ്യമാർക്കറ്റുകൾ കൂടി സ്ഥാപിക്കുന്നതിനായി പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പി ച്ചിട്ടുണ്ട്. |
| (ബി) | മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തുന്നില്ലെന്ന് ഉറപ്പവരുത്തുന്നതിനും കോൾഡ് സ്റ്റോറേജ് സൗകര്യങ്ങളോടെ ആധുനിക രീതിയിലുള്ള മത്സ്യവിപണന ശാലകൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ചില്ലറ വില്പനകൾക്കായി | (ബി) | മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും, രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിൻറ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് |

| | | | |
|---|---|---|---|
| | ഫിഷറീസ് വകുപ്പ് മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിയ്ക്കാമോ? | | പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻറിംഗ് സെൻററുകൾ എന്നിവിടങ്ങളിൽ പരിശോ ധനകൾ നടത്തി വരുന്നു. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനു മായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുമുണ്ട്. കോൾഡ് സ്റ്റോറേജ് സൗകര്യങ്ങളോടെ ആധുനിക രീതിയിലുള്ള മത്സ്യവിപണന ശാലകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഹൈജീനിക് റഫ്രിജറേ റ്റഡ് മൊബൈൽ ഫിഷ് വെൻറിങ്ങ് കിയോസ്ക് എന്ന പദ്ധതി സാഫ് മുഖാന്തിരം നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി ചിൽ റൂം സംവിധാനത്തോടു കൂടിയ ആധുനിക ശുചിത്വ പൂർണ്ണ മത്സ്യമാർക്കറ്റുകൾ തീരദേശ വികസന കോർപ്പ റേഷൻ മുഖേന നിർമ്മിച്ചു വരുന്നു. കൊല്ലം അഴീക്കൽ തുറമുഖത്ത് 280 ലക്ഷം രൂപ ചെലവിൽ 30 ടൺ പ്രതിദിന ശേഷിയുള്ള ഐസ് പ്ലാൻറ് കം കോൾഡ് സ്റ്റോറേജ് പദ്ധതി നടപ്പാക്കി. ചില്ലറ വില്പനകൾക്കായി ഫിഷറീസ് വകുപ്പ് മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടില്ല. എന്നാൽ ഓൺലൈൻ മത്സ്യവ്യാപാരത്തിന് മത്സ്യഫെഡിന്റെ മൊബൈൽ ആപ്പ് സഹായകരമാണ്. |

സെക്ഷൻ ഓഫീസർ